(ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്കൂളിലെ പീരിയഡുകളിൽ മാറ്റംവരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) 1-9-2011-ലെ സ.ഉ. (പി) നമ്പർ 183/2011/ പൊ.വി. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷ പാർട്ട് I-ൽ തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തന്നെ തുടരണമെന്ന് 1-9-2011-ലെ സ.ഉ. (പി) നമ്പർ 183/2011/ പൊ.വി. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളംകൂടി പഠിക്കുവാൻ സാഹചര്യം ഒരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. വിശദാംശങ്ങൾ ഉൾക്കൊണ്ട ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധന

45 (2532) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധിക്കുന്നതിനുള്ള പദ്ധതി ഹയർസെക്കണ്ടറിയുടെ കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ അഭിരുചിയാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധിക്കുന്നതിനുള്ള വിശദമായ പദ്ധതി ഹയർ സെക്കണ്ടറിയുടെ കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കി വരുന്നു. പദ്ധതി പ്രകാരം Aptitude Test പരീക്ഷ വഴിയാണ് കുട്ടികളുടെ അഭിരുചി നിർണ്ണയിക്കുന്നത്. കുട്ടികളുടെ verbal, numerical, Mechanical, Spatial, Speed & Accuracy, Attention Concentration എന്നീ മേഖലകളിലാണ് കുട്ടികളുടെ അഭിരുചി നിർണ്ണയിക്കുന്നത്. പരീക്ഷാഫലമായി കിട്ടുന്നഗ്രാഫ് അപഗ്രഥിച്ചാണ് കുട്ടിയുടെ അഭിരുചി നിർണ്ണയിക്കുന്നത്.

(ബി) കരിയർ ഗൈഡൻസ് സെൽ അഭിരുചി നിർണ്ണയവുമായി ബന്ധപ്പെട്ട് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. വിദഗ്ധരുടെയും അഭിരുചി നിർണ്ണയ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെയും കൂട്ടായ ചർച്ചയിലൂടെ അഭിരുചി നിർണ്ണയ പരീക്ഷയുടെ ചോദ്യാവലി തയ്യാറാക്കുക.

2. വിശദമായ പരീക്ഷണത്തിലൂടെ കേരളത്തിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് യോജിച്ച രീതിയിൽ ചോദ്യാവലിയെ standardize ചെയ്യുക.

3. ചോദ്യാവലിയെ കമ്പ്യൂട്ടർ ഭാഷയിലേയ്ക്ക് മാറ്റി പ്രത്യേക സോഫ്റ്റ്വെയറായി രൂപപ്പെടുത്തുക.

4. കമ്പ്യൂട്ടർ സോഫ്റ്റ്വെയറിന്റെ ക്ഷമതാ പരിശോധന നടത്തുക.

5. ആദ്യഘട്ടത്തിൽ ഒരു വിദ്യാഭ്യാസ ജില്ലയിൽ കമ്പ്യൂട്ടർ-ഇന്റർനെറ്റ് സൗകര്യമുള്ള സ്കൂൾ നോഡൽ സെന്ററായി തെരഞ്ഞെടുക്കുക.

6. അഭിരുചി പരീക്ഷയുടെ ഗ്രാഫ് അപഗ്രഥിക്കുവാൻ നോഡൽ സെന്ററായ സ്കൂളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

7. അഭിരുചി നിർണ്ണയിക്കപ്പെടുന്ന വിദ്യാർത്ഥിക്ക് തനിക്ക് ഏത് മേഖലയിലാണ് അഭിരുചി എന്നത് കൗൺസിലിംഗിലൂടെ വിദ്യാർത്ഥിക്കും രക്ഷകർത്താവിനും ബോധ്യപ്പെടുത്തുക.

8. അഭിരുചി പരീക്ഷാ സൗകര്യം ഓരോ വിദ്യാഭ്യാസ ജില്ലയിലും സൗജന്യമായി നോഡൽ സെന്ററ്വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാൻ സൗകര്യം ഏർപ്പെടുത്തുക.

9. എല്ലാ സ്കൂളുകളിലും അഭിരുചി നിർണ്ണയ പരീക്ഷ നടത്താനുള്ള സംവിധാനം ഒരുക്കുക.

വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

46 (2537) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ സ്കൂളുകളിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാർത്ഥികളുടെ എന്തെല്ലാം വിവരങ്ങളാണ് ഡിജിറ്റൈസ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly